## ലൈറ്റ് മെട്രോ പദ്ധതി

23(T *263) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈറ്റ് മെട്രോ പദ്ധതിയുടെ കൺസൾട്ടന്റിനെ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള പണം കണ്ടെത്തിയിട്ടുണ്ടോ; എങ്ങനെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വ്യക്തമായ നിലപാട് സ്വീകരിച്ചു കൊണ്ടാണോ കേന്ദ്ര നഗര വികസന മന്ത്രാലയത്തിന് കേരളം രണ്ടാമതും കത്തയച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ഡി) 2008 ജനുവരിയിൽ കൊച്ചി മെട്രോയുടെ അനുമതിക്കായി കേരളം സമർപ്പിച്ച അപേക്ഷയിൽ, ഡി.എം.ആർ.സി. ആകും പദ്ധതി നടപ്പിലാക്കുക എന്ന് വ്യക്തമാക്കിയിട്ടുണ്ടായിരുന്നത് അറിയാമായിരുന്നുവോ;

(ഇ) കേന്ദ്രാനുമതി ലഭിച്ചതിനുശേഷം കൺസൾട്ടന്റിനെ നിയമിച്ചാൽ മതിയെന്ന നിലപാട് സ്വീകരിച്ചതിന്റെ കാരണം വെളിപ്പെടുത്താമോ; ലൈറ്റ് മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി.യുടെ പങ്ക് എന്താണെന്ന് കേന്ദ്ര സർക്കാരിനയച്ച ആദ്യത്തെ കത്തിലൂടെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ടായിരുന്നുവോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രഹിം കുഞ്ഞ്) :

(എ) ഇല്ല.

(ബി) പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും 20% കേന്ദ്ര സർക്കാരും ബാക്കി തുക ബാങ്കുകളിൽനിന്നും മറ്റു സ്വദേശ/വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി സമാഹരിക്കണമെന്നും വിശദമായ പദ്ധതിരേഖയിൽ വിഭാവനം ചെയ്യുന്നു. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ തുക സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. സംസ്ഥാന സർക്കാർ 2015-16-ലെ ബഡ്ജറ്റിൽ/ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി ടോക്കൺ പ്രൊവിഷനായി 1,00,000 (ഒരു ലക്ഷം രൂപ മാത്രം) രൂപ വകയിരുത്തിയിട്ടുണ്ട്. അധികമായി വേണ്ടിവരുന്ന തുക 'മേജർ ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെന്റ് പ്രോജക്ടുസ്' എന്ന പുതിയ ശീർഷകത്തിൽ നിന്നും ലഭ്യമാക്കുന്നതാണ്.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു



LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര നഗര വികസന മന്ത്രാലയത്തിന് സംസ്ഥാന സർക്കാരിൽ നിന്നും അയച്ച കത്തുകളിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളെ സംബന്ധിച്ച കേരള സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) കൊച്ചി മെട്രോ റെയിൽ പദ്ധതി, ഗതാഗത വകുപ്പുവഴിയാണ് നടപ്പിലാക്കിവരുന്നത്. കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തിക്കൊണ്ട് 8-1-2008-ൽ അന്നത്തെ സംസ്ഥാന സർക്കാർ തീരുമാനമെടുത്തിരുന്നതായി അറിയാം.

(ഇ) 29-7-2015-ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ് കേന്ദ്രാനുമതി ലഭിച്ചതിനുശേഷം കൺസൾട്ടന്റിനെ നിയമിച്ചാൽ മതിയെന്ന നിലപാട് സ്വീകരിച്ചത്. ലൈറ്റ് മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി.-യുടെ പങ്ക് എന്താണെന്ന് കേന്ദ്ര സർക്കാരിനയച്ച ആദ്യ കത്തിലൂടെ അറിയിച്ചിട്ടുണ്ടായിരുന്നില്ല.

**സർക്കാർ ഭൂമി കയ്യേറ്റം**

24(*264) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻതോതിൽ സർക്കാർ ഭൂമി കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൻകിട കയ്യേറ്റക്കാർ കൈയടക്കിയ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(സി) വൻകിട കയ്യേറ്റക്കാർ അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അനധികൃതമായി കൈവശം വയ്ക്കുന്ന വനം, റവന്യൂ ഭൂമിയും പാട്ട ഭൂമിയും മറിച്ചുവില്ക്കുന്നകാര്യം അറിവുള്ളതാണോ; ഇങ്ങനെ മറിച്ചുവില്ക്കപ്പെട്ട ഭൂമിയുടെ അളവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എ.വി.ടി. കമ്പനി മറിച്ചു വില്പന നടത്തിയ ഭൂമിയുടെ അളവെത്ര;

(ഇ) കയ്യേറ്റ ഭൂമിയും പാട്ടഭൂമിയും മറിച്ച് വില്ക്കുന്നതിന് സഹായിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കടുത്ത നടപടി സ്വീകരിക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly